പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4241 24.06.2019-ലെ മറുപടി

## വികേന്ദ്രീകൃത ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എല്ലാവർക്കും കുടിവെള്ളം എത്തിക്കുന്നതിന് വലിയ പദ്ധതികൾക്ക് മുൻഗണന നൽകുന്ന നിലവിലെ രീതിക്ക് പകരം രണ്ടോ മൂന്നോ പഞ്ചായത്തുകൾക്ക് വേണ്ടി ഒരു ചെറുകിട കുടിവെള്ള വിതരണ പദ്ധതി എന്ന രീതിയിൽ വികേന്ദ്രീകൃത പദ്ധതികൾക്ക് ഊന്നൽ നൽകുവാൻ എന്തെങ്കിലും പരിപാടികൾ പരിഗ ണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശ ദാംശങ്ങൾ ലഭ്യമാക്കുമോ? | കേരള ജല അതോറിറ്റിയുടെ പദ്ധതികളിൽ വൻകിട പദ്ധതികൾക്ക് പുറമേ രണ്ടോ മൂന്നോ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ധാരാളം ചെറുകിട കുടിവെള്ള വിതരണ പദ്ധതികളുമുണ്ട്.<br>നിലവിൽ ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ച് ഫണ്ടിന്റെ അപര്യാപ്തത മൂലം വിതരണ ശൃംഖല സ്ഥാപിക്കാത്ത 128 ഓളം കുടിവെള്ള പദ്ധതികൾ ഉണ്ട്. ആയതിനാൽ ഭാഗികമായി പൂർത്തിയാക്കിയ പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക്, പുതിയ പദ്ധതികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുക്കുന്നതാണ്. ചെറു പദ്ധതികളുടെ ആവർത്തന ചിലവ് വൻ പദ്ധതികളെ അപേക്ഷിച്ച് വളരെ കൂടുതലാണ്.<br>ജലനിധി പദ്ധതിയിലൂടെ ഗ്രാമ പഞ്ചായത്തുകളിൽ ചെറുകിട കുടിവെള്ള വിതരണ പദ്ധതികളാണ് കൂടുതലും നടപ്പാക്കുന്നത്. രണ്ടോ മൂന്നോ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള (മൾട്ടി ജി.പി) പദ്ധതി ജലനിധി നടപ്പാക്കുന്നത് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്നിട്ടാണ് . |

Renuka Sankar

സെക്ഷൻ ഓഫീസർ